"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ്- ജീവനക്കാര്യം - ജോയിന്റ് എക്സൈസ് കമ്മീഷണർ ശ്രീ.ഷാജി.കെ.എസ്-ന് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ നോഷണൽ പ്രമോഷൻ അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.57/2025/TAXES തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. സ.ഉ(അ) നം.79/2024/നികുതി തീയതി 10.06.2024
2. 29.06.2024 തീയതിയിലെ ശ്രീ.ഷാജി.കെ.എസ്- ന്റെ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 05.08.2024- ലെ ഇ.എക്സ്.സി/3529/2024-എക്സ്.ഡി 3 നമ്പർ കത്ത്

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ (ഇ.കെ.എം) 54/2024 കേസിലുള്ള 12.01.2024. തീയതിയിലെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിലും ശ്രീ.ഷാജി കെ.എസ്-നെതിരായ വകുപ്പ് തല നടപടിക്രമത്തിലെ അന്തിമ ഉത്തരവ് (സെൻഷർ) കണക്കിലെടുത്തും, ടിയാന്റെ 01.01.2022 മുതൽ 17.06.2022 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് പുനരവലോകനം ചെയ്യുവാൻ ഉത്തരവാകുകയും ആയത് എക്സൈസ് കമ്മീഷണർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും തുടർന്ന് G.O (Rt) No. 526/2024/TAXES Dated 13.06.2024 പ്രകാരം ടിയാന് ജോയിന്റ് എക്സൈസ് കമ്മീഷണറായി സ്ഥാനക്കയറ്റം ലഭിക്കുകയും ടിയാൻ എക്സൈസ് ക്രൈം ബ്രാഞ്ച് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ 26.06.2024-ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും, ടിയാന്റെ ജൂനിയർമാർക്ക് നേരത്തെ പ്രമോഷൻ നൽകിയിരുന്നുവെന്നും, 31.05.2025-ന് ടിയാൻ സേവനത്തിൽ നിന്നും വിരമിക്കുന്ന സാഹചര്യം പരിഗണിച്ച് ടിയാന് അർഹതപ്പെട്ട നോഷണൽ പ്രമോഷൻ അനുവദിച്ച്

ഉത്തരവുണ്ടാകണമെന്നും അപേക്ഷിച്ച് പരാമർശം(2) പ്രകാരം ശ്രീ.ഷാജി.കെ.എസ്. സമർപ്പിച്ച അപേക്ഷ പരാമർശം(3) പ്രകാരം എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

2. ശ്രീ.ഷാജി കെ എസ്, വയനാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറായിരുന്ന കാലയളവിൽ അച്ചടക്കനടപടി നേരിട്ടിരുന്നതിനാൽ ടിയാനെ 2023 ലെ ഡി പി സി- യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും, തുടർന്ന് ടിയാന്റെ ജൂനിയറായ ശ്രീ.ഉണ്ണികൃഷ്ണൻ നായർ ബി -യെ മേൽ ഡി പി സി യിൽ ഉൾപ്പെടുത്തുകയും ശ്രീ.ഉണ്ണികൃഷ്ണൻ നായർ ബി- ക്ക് 06.06.2023- ൽ ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുകകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് ശ്രീ.ഷാജി കെ എസ്- ന്റെ അച്ചടക്കനടപടി 28.11.2023 ലെ GO (Rt) No.825/2023/Taxes പ്രകാരം Censure നൽകി തീർപ്പാക്കിയിട്ടുള്ളതുമാണ്. ടിയാന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ എക്സൈസ് കമ്മീഷണർ മാർക്ക് കുറച്ച് രേഖപ്പെടുത്തിയ കാരണത്താൽ ടിയാനെ 2024- ലെ ഡി പി സി യിൽ ഉൾപ്പെടുത്താതിരുന്നതിനെത്തുടർന്ന് ടിയാൻ സി ആർ പുനപരിശോധിക്കുന്നതിന് അപേക്ഷ സർക്കാരിന് സമർപ്പിക്കുകയും അത് സർക്കാർ നിരസിക്കുകയും ചെയ്തതിനെ തുടർന്ന് ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും ആയതിൽ സർക്കാരിനോട് ടിയാന്റെ, അപേക്ഷ പരിഗണിക്കുവാൻ നിർദ്ദേശിച്ച് ചുവടെ ചേർക്കുന്ന പ്രകാരം അന്തിമ ഉത്തരവാകുകയുണ്ടായി .

“Annexure A9 order shall stand set aside. There shall be a direction to the 1st respondent to consider Annexure A7 representation afresh on merits, in accordance with law and to pass orders thereon within a period of one month from the date of receipt of a copy of this order. While passing orders, the 1st respondent shall also consider the final orders passed in the Departmental Proceedings"

3. തുടർന്ന് മേൽ ട്രൈബ്യൂണൽ ഉത്തരവ് പരിഗണിച്ച് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ശ്രീ.ഷാജി.കെ.എസ്-ന്റെ അപേക്ഷ സർക്കാർ വിശദമായി പരിശോധിക്കുകയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിലും ശ്രീ.ഷാജി.കെ.എസ്-ന് എതിരായ വകുപ്പ് തല നടപടിയിലെ അന്തിമ ഉത്തരവ് കണക്കിലെടുത്തും 01/01/2022 മുതൽ 17/06/2022 വരെ കാലയളവിലുള്ള ടിയാന്റെ കോൺഫിഡഷ്യൽ റിപ്പോർട്ട് പുനരവലോകനം ചെയ്യുന്നതിന് 05/03//2024- ലെ സ.ഉ.(സാധാ)നം.204/2024/നികുതി പ്രകാരം സർക്കാർ നിലവിലെ എക്സൈസ് കമ്മീഷണർക്ക്

നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർ ശ്രീ.ഷാജി.കെ.എസ്-ന്റെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പുനപരിശോധിച്ചത് പ്രകാരം 28.05.2024- ന് അഡ് ഹോക്ക് ഡി പി സി കൂടിയതിന്റെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റിൽ ശ്രീ. വി എ സലിമിന്റെ മുകളിലായി ശ്രീ ഷാജി കെ എസിന് സ്ഥാനം ക്രമീകരിച്ച് നൽകിയിട്ടുള്ളതുമാണ്. ആയതിൻ പ്രകാരം ശ്രീ.ഷാജി കെ എസിന് 13.06.2024- ന് ജോയിന്റ് എക്സൈസ് കമ്മീഷണറായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതാണ്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. എക്സൈസ് കമ്മീഷണറുടെ പരാമർശം (3) പ്രകാരമുള്ള കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജോയിന്റ് എക്സൈസ് കമ്മീഷണറായ ശ്രീ ഷാജി കെ.എസ്-ന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള revised select list- ൽ ടിയാന്റെ ജൂനിയറായ ശ്രീ.വി.എ.സലീമിന് ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ 19.04.2024 തീയതി പ്രാബല്യത്തിൽ കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 23(സി) പ്രകാരം നോഷണൽ പ്രൊമോഷന് ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയില്ല എന്ന് വ്യവസ്ഥ പ്രകാരം ജോയിന്റ് എക്സൈസ് കമ്മീഷണർ തസ്തിയിൽ നോഷണൽ പ്രമോഷൻ അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

ജോയിന്റ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം

2.ശ്രീ.ഷാജി.കെ.എസ്,ജോയിന്റ് എക്സൈസ് കമ്മീഷണർ(എക്സൈസ് കമ്മീഷണർ മുഖേന)

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/അഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം

4.വെബ് & ന്യൂ മീഡിയ

5.കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Reese. V. A

Date: 22-01-2025 12:07:21

സെക്ഷൻ ഓഫീസർ